# ജനകീയാസൂത്രണത്തിന് 21 വയസ്സ്

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്കും തദ്ദേശ ഭരണ സംവിധാനത്തിനും സമഗ്ര വികസനത്തിനും പുതിയ കുതിപ്പേകിയ ജനകീയാസൂത്രണത്തിന് 21 വയസ്സ്!

1996 ആഗസ്റ്റ് 17 ചിങ്ങം 1 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വലിയൊരു ജനാവലിയെ സാക്ഷ്യം നിർത്തി കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ദീപം കൊളുത്തി ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ന് രണ്ടാം ഘട്ടത്തിലെത്തിയിരിക്കുന്നു.

ഒട്ടേറെ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച 21 വർഷങ്ങൾ! നിലനിന്നിരുന്ന വികസന മുരടിപ്പിനെ മുറിച്ചുകടക്കാൻ, തദ്ദേശഭരണ സംവിധാനം ശക്തിപ്പെടുത്താൻ, ഏറെ സഹായകമായ ഇടപെടലുകൾ!

പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, കൃഷി മേഖലകളിലെല്ലാം നേട്ടങ്ങൾ!

ഒപ്പം പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും. 21 വർഷങ്ങൾക്കുള്ളിൽ കേരളമേറെ മാറി. ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും സ്വഭാവം മാറി. ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ മാറി. ഒരു പുതിയ കേരളം!

നേട്ടങ്ങളുണ്ടായ മേഖലകളിലെല്ലാം പുതിയ പ്രശ്നങ്ങളും തലപൊക്കുന്നു. മാലിന്യ നിർമ്മാർജ്ജനവും പകർച്ചപ്പനിയുമെല്ലാം അവഗണിക്കാനാവാത്ത വെല്ലുവിളികളായിരിക്കുന്നു. പാർപ്പിടങ്ങളില്ലാത്തവർ ഇനിയുമുണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. കാർഷിക-വികസന രംഗത്ത് ഇനിയും മുന്നേറാനുണ്ട്.

നവകേരള മിഷന്റെ ഭാഗമായുള്ള ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസയജ്ഞം എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര വികസന ദൗത്യത്തിനാണ് രണ്ടാം ഘട്ട ജനകീയാസൂത്രണം ലക്ഷ്യമിടുന്നത്. അതിനുള്ള നേതൃത്വപരമായ പങ്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടത്. പ്രവർത്തനങ്ങളിലും പ്രവർത്തന രീതിയിലും ഒട്ടേറെ മാറ്റങ്ങള് ആവശ്യമായി വരും. നവകേരളത്തിന് പുത്തന് തദ്ദേശഭരണ സംവിധാനം! ഈ സംരംഭത്തിന് ശക്തി പകരാൻ കിലയും സജ്ജമാകുന്നു.